Mathrubhumi 11-06-2022 (Page.05)

# റാങ്കുകളുടെ തിളക്കവുമായി സെന്റ് ഗിറ്റ്സ്

**പാത്താമുട്ടം** ▸ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബിരുദപരീക്ഷകളിൽ പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന് റാങ്കുകളുടെ തിളക്കം.

ഉന്നത വിജയശതമാനം നിലനിർത്തിയതിനൊപ്പം ബിരുദ കോഴ്സുകളിൽ ഒട്ടേറെ റാങ്കുകാം കരസ്ഥമാക്കുകയായിരുന്നു. മൂന്ന് ബിരുദ കോഴ്സുകളിൽ ഒന്നും രണ്ടും റാങ്കുകളും രണ്ടു കോഴ്സുകളിൽ ആദ്യ മൂന്ന് റാങ്കുകളും കരസ്ഥമാക്കി.

ബി.കോം. ടാക്സേഷൻ കോഴ്സിൽ ആദ്യ മൂന്ന് റാങ്കുകളും സെന്റ് ഗിറ്റ്സിന്. സ്റ്റെഫി അന്നാ സക്കറിയ ഒന്നാംറാങ്കും ബെല്ലാ വർഗീസ് രണ്ടാം റാങ്കും നേഹാ സൂസൻ കുര്യാക്കോസ് മൂന്നാം റാങ്കും കോളേജിനാണ്. ഗോപിക സി.എസ്.കൃഷ്ണപ്പണിക്കർ, കാർലിൻ എൽസാ എബ്രഹാം, ഫെമി കുരുവിള എന്നിവർ യഥാക്രമം 7, 8, 10 റാങ്കുകളും നേടി.

ബി.കോം. വിത്ത് കംപ്യൂട്ടർ ആപ്ലിക്കേഷൻസ് കോഴ്സിൽ ഒന്നാംറാങ്ക് ഷാലിൻ തോമസ് നേടി. നന്ദനാ വിനോദിനാണ് രണ്ടാംറാങ്ക്. കൂടാതെ ഹഷീനാ ഹക്കീമിന് അഞ്ചാംറാങ്ക് ലഭിച്ചു.

ബി.എ. കോർപ്പറേറ്റ് എക്കണോമിക്സ് കോഴ്സിലും 100 ശതമാനം വിജയത്തിനൊപ്പം ആദ്യ മൂന്ന് റാങ്കുകളും ലഭിച്ചു. സ്നേഹാ മറിയം ജിജി ഒന്നാം റാങ്കും, അക്സാ എൽസാ ജോസഫ് രണ്ടാംറാങ്കും ആഷിലിൻ മറിയം അലക്സാണ്ടർ മൂന്നാം റാങ്കും സ്വന്തമാക്കി. ബി.ബി.എ. വിഭാഗത്തിൽ ഗോപികാ എസ്. ഏഴാം റാങ്ക് നേടി. ബി.സി.എ. കോഴ്സിൽ അൻസബാ ആർ.ബി. എട്ടാംറാങ്ക് നേടി.

അച്ചടക്കത്തോടെയുള്ള പഠനമാണ് വിജയം കൊണ്ടുവരുന്നതെന്ന് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. കെ.കെ.ജോൺ വ്യക്തമാക്കി.

റാങ്കുനേടിയ വിദ്യാർഥികളെ പ്രിൻസിപ്പലും അധ്യാപകരും മാനേജ്മെന്റും പി.റ്റി.എ.യും അഭിനന്ദിച്ചു.

MATHRUBHUMI 11-06-2022